I ഇ.ബി. XV- കേരള നിയമസഭ/X-5

# പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഫെബ്രുവരി 02, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

17(*121) പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ പ്രധാൻമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ (പി.എം.-ഉഷ) എന്ന് പുനർനാമകരണം ചെയ്ത് 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പുതിയ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുവച്ച വ്യവസ്ഥകൾ പ്രകാരമുള്ള ധാരണാപത്രം അയച്ചുകൊടുക്കുകയും സർക്കാർ/സർക്കാർ

എയ്ഡഡ് സ്ഥാപനങ്ങളോട് കേന്ദ്രസർക്കാർ ലഭ്യമാക്കിയ മാർഗ്ഗരേഖപ്രകാരമുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയും തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട് മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളെ ഫോക്കസ് ജില്ലകളായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. റൂസ ഒന്നാം ഘട്ടത്തിൽ 113.42 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 146.55 കോടി രൂപയും കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രദ്ധതി പ്രകാരം സർവ്വകലാശാലകളിൽ 100 പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും സംസ്ഥാന വിഹിതമായ 173.35 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവയ്ക്കുന്ന പ്രതിലോമകരവും കേരളത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതുമായ നിർദ്ദേശങ്ങൾ ഒഴിവാക്കിയാണ് നാലുവർഷ ബിരുദകോഴ്സുകൾ രൂപകൽപ്പന ചെയ്തതെന്നും ഇതിനായി കരിക്കുലം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ജ്ഞാനോത്പാദനത്തിനും നൈപുണിക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന കരിക്കുലമാണ് തയ്യാറാക്കിയിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി. Indian Knowledge System എന്ന പേരിൽ യു.ജി.സി. നിർദ്ദേശിച്ച കോഴ്സുകൾക്കുപകരമായി മതനിരപേക്ഷ-ജനാധിപത്യ മൂല്യങ്ങൾക്കനുസൃതമായ കോഴ്സുകൾ ഉൾപ്പെടെ വിവിധ ഭാഷകൾ

പഠിപ്പിക്കുന്നതിനും ഭാഷാപഠനത്തെ വൈവിദ്ധ്യവത്കരിക്കാനുമാണ് തീരുമാനിച്ചിരിക്കുന്നത്. അദ്ധ്യാപകർക്കും പഠന വകുപ്പുകൾക്കും സ്വയംഭരണം എന്ന കാഴ്ചപ്പാടാണുള്ളതെന്നും അഫിലിയേറ്റഡ് കോളേജുകളെ നിലനിർത്തുന്നതിനുള്ള നയരൂപീകരണത്തിനാണ് ശ്രമിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നാലുവർഷ ബിരുദകോഴ്സ് നടപ്പിലാക്കുമ്പോൾ സ്കിൽ കോഴ്സുകൾക്ക് ക്രെഡിറ്റ് നൽകുമെന്നും വിദ്യാർത്ഥികൾക്ക് സർവ്വകലാശാലകളും കോളേജുകളും കോഴ്സുകളും മാറാൻ കഴിയുമെന്നും അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് ഉറപ്പുവരുത്തുമെന്നും ഇതിനായി യുണീക് ഐ.ഡി. മാത്രം ട്രാൻസ്ഫർ ചെയ്താൽ മതിയാകുമെന്നും മന്ത്രി വ്യക്തമാക്കി. ഫൗണ്ടേഷൻ കോഴ്സുകൾ, പാത്ത് വേ കോഴ്സുകൾ തുടങ്ങിയവ നാലുവർഷ കരിക്കുലത്തിൽ ഉൾപ്പെടുത്തുകയും കെ-ഡിസ്കിന്റെ ഓൺലൈൻ പോർട്ടലിൽ പ്രസ്തുത കോഴ്സുകളുടെ വിവരങ്ങൾ ലഭ്യമാക്കുകയും ഡി.ഡബ്ല്യു.എം.എസ്., സൈക്കോമെട്രിക് അനാലിസിസ് എന്നിവ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മികച്ച നിലവാരം പുലർത്തുന്ന 20 കോളേജുകൾക്ക് കോൺസ്റ്റിറ്റ്യൂന്റ് പദവി നൽകുന്നതിനുള്ള ഇംപ്ലിമെന്റേഷൻ

പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സൂപ്പർ ന്യൂമററിയായി സീറ്റുകൾ സൃഷ്ടിച്ച് അവർ ആവശ്യപ്പെടുന്ന കോളേജുകളിൽ അഡ്മിഷൻ നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18(*122) കാർഷിക മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) നൽകിയ മറുപടിയിൽ, കാർഷിക മേഖലയിൽ നേട്ടങ്ങൾ കൈവരിച്ചതിലൂടെ വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിച്ചിട്ടുണ്ടെന്നും സാമ്പത്തിക വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കാലാവസ്ഥാ വ്യതിയാനം വെല്ലുവിളിയായെടുത്ത് കാർഷിക-പാരിസ്ഥിതിക മേഖല അടിസ്ഥാനമാക്കിയുള്ള കാർഷിക വിള നിർണ്ണയവും പരിപാലന മുറകളും നടപ്പിലാക്കുകയും 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ക്യാമ്പയിന്റെ ഭാഗമായി ഉല്പാദന/സേവന/വിപണന മേഖലകളിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് വെഞ്ച്വർ ക്യാപ്പിറ്റൽ അസിസ്റ്റൻസ് ഫണ്ടായി 6 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പോഷകസമൃദ്ധി/ജൈവ കാർഷിക മിഷനുകൾ രൂപീകരിച്ച് പോഷകഭദ്രത ഉറപ്പാക്കുകയും കർഷകരുടെ

വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്. കാർഷികോല്പന്ന സംസ്കരണത്തിനും വിപണനത്തിനും കയറ്റുമതിക്കുമായി രൂപീകരിച്ച കാബ്കോ എന്ന സിയാൽ മോഡൽ കമ്പനി പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിലാണ്. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കൃഷിദർശൻ പരിപാടികളും കാർഷിക സംരംഭകരെ സഹായിക്കുന്നതിനായി വൈഗ റിസോഴ്സ് സെന്ററുകൾ, ഡി.പി.ആർ. ക്ലിനിക്കുകൾ, ബി2 ബി മീറ്റുകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ സേവനങ്ങൾ വിവര സാങ്കേതിക വിദ്യാഷ്ഠിതമായി പരിഷ്കരിച്ച് AIMS 2.0 പോർട്ടലും കേരള കൃഷി ഹബ് എന്ന അഗ്രി സ്റ്റാക്ക് സംവിധാനവും പ്രാവർത്തികമാക്കുന്നതിലൂടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. കർഷകർക്കുണ്ടാകുന്ന വിളനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ എന്നിവ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങൾക്കെതിരെ കാർഷിക മേഖലയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യശൃംഖല നവീകരിക്കുന്നതിനുമായി കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യു ചെയിൻ

മോഡണൈസേഷൻ (കേര) പദ്ധതി 2375 കോടി രൂപ ചെലവിൽ 5 വർഷം കൊണ്ട് നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. 2023-24 സീസണിൽ സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിന് എസ്.ബി.ഐ., കാനറാ ബാങ്ക് എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെടുകയും പി.ആർ.എസ്. വായ്പ പദ്ധതിപ്രകാരം നെല്ലിന്റെ വില നൽകുന്നതിനും ബയോമെട്രിക് പ്രൊക്യൂർമെന്റ് സംവിധാനം ഉപയോഗിച്ച് നെല്ല് സംഭരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുകയും സംഭരണവില യഥാസമയം നൽകുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളടങ്ങിയ നെല്ല് സംഭരണ വിദഗ്ദ്ധ സമിതിയുടെ ശിപാർശകൾ പരിശോധിച്ചുവരികയുമാണ്. 'ഒരു കൃഷിഭവൻ, ഒരു ഉൽപ്പന്നം' പദ്ധതിയുടെ ഭാഗമായി വിപണിയിലിറക്കുന്ന ഉൽപ്പന്നങ്ങൾക്ക് 'കേരള ഗ്രോ' എന്ന ബ്രാൻഡിംഗ് അനുവദിച്ചുനൽകുന്നുണ്ടെന്നും കാർഷിക വിജ്ഞാന വ്യാപനത്തിനായി 10 കോടി രൂപ ചെലവിൽ 'സ്മാർട്ട് കൃഷി ഭവൻ' നടപ്പിലാക്കുന്നുണ്ടെന്നും രോഗ കീട ആക്രമണം പരിഹരിക്കുന്നതിനായി വിള ആരോഗ്യ ഫാർമസികൾ കൃഷിഭവനുകളിൽ സ്ഥാപിച്ചുവരുന്നുണ്ടെന്നും യന്ത്രോപകരണങ്ങളും മറ്റ് സേവനങ്ങളും കർഷകർക്ക് ലഭ്യമാക്കുന്ന കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 19(*123) സാമ്പത്തിക-സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിന് പ്രത്യേക ഡയറി പാക്കേജുകൾ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) നൽകിയ മറുപടിയിൽ, തോട്ടം, മത്സ്യം, കയർ മേഖലകളിലെ തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹ്യ ഉന്നമനം ലക്ഷ്യമിട്ട് ക്ഷീരലയം, ക്ഷീരതീരം എന്നീ പദ്ധതികൾ നടപ്പിലാക്കുകയും യഥാക്രമം 44 ലക്ഷം രൂപ, 64.50 ലക്ഷം രൂപ എന്ന നിരക്കിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതികൾ പ്രകാരം പശു, കാലിത്തൊഴുത്ത്, ഡയറി ഫാമിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ, തീറ്റപ്പുൽകൃഷി, കാലിത്തീറ്റ എന്നിങ്ങനെ വിവിധ ഘടക പദ്ധതികൾക്കാണ് ധനസഹായം നൽകുന്നത്. ക്ഷീരമേഖലയിലേയ്ക്ക് പുതിയതായി കടന്നുവരുന്നവരെയും നിലവിൽ പ്രവർത്തിക്കുന്നവരെയും സഹായിക്കുന്നതിനായി പ്രത്യേക ഘടക പദ്ധതികൾ ഉൾപ്പെടുത്തി ഡയറി യൂണിറ്റുകൾ അനുവദിക്കുന്നുണ്ടെന്നും യുവസംരംഭകർക്കായി നടപ്പിലാക്കുന്ന സ്മാർട്ട് ഡയറി ഫാം പദ്ധതിക്കായി 23.20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഒരു വർഷംകൊണ്ട്

പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പശുക്കളെ വാങ്ങാൻ പലിശ രഹിത വായ്പ അനുവദിക്കാനും സബ്സിഡിയോടുകൂടി കന്നുകാലിതീറ്റ വിതരണം ചെയ്യാനും ആലോചിക്കുന്നുണ്ട്. പഞ്ചായത്ത് വിഹിതം ലഭ്യമാക്കുകയാണെങ്കിൽ ക്ഷീര ഗ്രാമം പദ്ധതിയിൽ കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതാണ്. ക്ഷീരമേഖലയിൽ വനിതകൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെ വിവിധ പദ്ധതികൾ നടപ്പാക്കുകയും 'ക്ഷീരശ്രീ', JLG (Joint Liability Group) വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ച് പശുവളർത്തൽ, പുൽകൃഷി എന്നിവ നടത്തുകയും ചെയ്യുന്നുണ്ട്. ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'ക്ഷീര സാന്ത്വനം' പദ്ധതിപ്രകാരം അപകടമരണം സംഭവിക്കുന്ന കർഷകന്റെ ആശ്രിതർക്ക് 7 ലക്ഷം രൂപവരെ ഇൻഷ്വറൻസ് പരിരക്ഷയും ഗുരുതര രോഗബാധിതർക്കും അപകടം സംഭവിച്ചവർക്കും ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായവും നൽകുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

20(*124) <u>കർഷക ക്ഷേമനിധി ബോർഡ്</u>

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2020 ഒക്ടോബർ മാസം പുറപ്പെടുവിച്ച

വിജ്ഞാപന പ്രകാരം രൂപീകരിച്ച കർഷക ക്ഷേമനിധി ബോർഡിന്റെ ഹെഡ് ഓഫീസ് തൃശ്ശൂർ ആസ്ഥാനമായും മേഖലാ ഓഫീസുകൾ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. കേരള കർഷക ക്ഷേമനിധി ബോർഡിൽ അപേക്ഷിച്ച 18337 കർഷകരിൽ 15049 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചുവെന്നും ഓൺലൈനായി നൽകുന്ന അപേക്ഷകളുടെ തൽസ്ഥിതി അറിയാനും അപാകതകൾ പരിഹരിക്കാനും കഴിയുമെന്നും കേരള കർഷക ക്ഷേമനിധി ആക്ടിലെ വ്യവസ്ഥപ്രകാരം രൂപീകൃതമാകുന്ന നിധിയിൽ നിന്നുമാണ് പെൻഷൻ നൽകുന്നതിനുള്ള തുക കണ്ടെത്തേണ്ടതെന്നും മന്ത്രി വ്യക്തമാക്കി. അംഗങ്ങളുടെ അംശദായം, കാർഷിക ഇൻസെന്റീവ്, കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക, സർക്കാർ നൽകുന്ന അംശദായം, അംഗത്വം പുനരുജ്ജീവിപ്പിക്കൽ പ്രകാരം ലഭിക്കുന്ന കുടിശ്ശികയും പലിശയും, 'കിസാൻ അഭിമാൻ പദ്ധതി' പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കുള്ള തുക, ഗ്രാന്റ്/വായ്പകൾ/മുൻകൂറുകൾ, കോർപ്പറേറ്റ്

സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്, കിസാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി കൃഷി വകുപ്പിന് നൽകിവന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക, ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സമാഹരിക്കുന്ന നിയമാനുസൃത ഇനത്തിലുള്ള തുക, പദ്ധതിപ്രകാരം ചുമത്തുന്ന ഫീസ്, കർഷക ക്ഷേമത്തിനായി അനുവദിക്കുന്ന തുക, നിധിയിൽ വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക എന്നിവയാണ് നിധിയിലേയ്ക്ക് വരുമാനം സ്വരൂപിക്കുന്നതിനായി വ്യവസ്ഥ ചെയ്തിരിക്കുന്നത്. 5 വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായവർക്കാണ് ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതെന്നും അറുപത് വയസ്സ് പൂർത്തിയാക്കിയതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷനും അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബ പെൻഷനും അനാരോഗ്യ/അവശത ആനുകൂല്യവും വിവാഹ/പ്രസവാനുകൂല്യവും ചികിത്സ/വിദ്യാഭ്യാസ ധനസഹായവും ഉൾപ്പെടുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി രേഖയുടെ കരട് സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി.

അഞ്ചുവർഷത്തിനകം കർഷക ക്ഷേമനിധി ബോർഡിലേക്കുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

21 (*125) കാർഷിക മേഖലയെ ഫലപ്രദമാക്കാൻ പ്രത്യേക മിഷൻ

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് 'പോഷക സമൃദ്ധി മിഷൻ' രൂപീകരിച്ചിട്ടുണ്ടെന്നും പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ടെന്നും സഭയെ അറിയിച്ചു. പച്ചക്കറി, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ അവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക, പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പോഷക പ്രാധാന്യമുള്ള ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉത്പാദനവും ഉപയോഗവും വ്യാപകമാക്കുക, പയറുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം ആരോഗ്യ സൂചികയ്ക്കനുസൃതമായി വർദ്ധിപ്പിക്കുക, കൂൺ കൃഷിയും

ക്കുൺ അധിഷ്ഠിത സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക, പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവിത ശൈലീരോഗങ്ങളിൽനിന്നും വിമുക്തി നേടാൻ ജനങ്ങളെ പ്രേരിപ്പിക്കുക, ഉൽപ്പാദന/വിപണന/മൂല്യവർദ്ധനവ് മേഖലകളിൽ ലഭ്യമായ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി മിഷൻ പ്രവർത്തനനിരതമാക്കാനാണ് ഉദ്ദേശിക്കുന്നത്. ക്യാമ്പയിൻ മാതൃകയിലുള്ള പ്രവർത്തനത്തിലൂടെ സമീകൃതാഹാരത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ ന്യൂട്രീഷണൽ പ്ലേറ്റ് തയ്യാറാക്കുന്നതിനും സാധിക്കുമെന്നും സമീകൃത ഭക്ഷണക്രമത്തിൽ ഉൾപ്പെടേണ്ട വിളകളെ/ഘടകങ്ങളെ കാർഷിക പാരിസ്ഥിതിക മേഖലാടിസ്ഥാനത്തിൽ നിശ്ചയിച്ച് പോഷക തളികകൾ രൂപകല്പന ചെയ്ത് ഉൽപ്പാദിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളെ സംയോജിപ്പിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. പ്രസ്തുത വിളകളുടെ പ്രാദേശികതല ലഭ്യത ഉറപ്പാക്കാനായി പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാതലങ്ങളിൽ പദ്ധതികൾ രൂപീകരിച്ച്

നടപ്പിലാക്കുന്നതാണ്. മിഷനിൽ ഉൾപ്പെട്ട വിളകളുടെ ഉൽപ്പാദനവും ഗുണമേന്മയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി ഉത്തമ കാർഷിക മുറകൾ, നാച്ചുറൽ ഫാമിംഗ്, ജൈവകൃഷി എന്നിവ അവലംബിക്കുന്നതും കൃഷിയിടങ്ങൾ, സംഭരണ-വിതരണ കേന്ദ്രങ്ങൾ, വിപണികൾ എന്നിവിടങ്ങളിൽനിന്നും കാർഷിക ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്. അട്ടപ്പാടിയിലെ ആദിവാസി കർഷകരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി തുടരുന്നതാണ്. ചെറുധാന്യ കൃഷി വികസനത്തിനായുള്ള വിവിധ പദ്ധതികൾ പോഷക സമൃദ്ധി മിഷന്റെ കീഴിൽ നടപ്പിലാക്കിവരുന്നുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകൾ പങ്കുവയ്ക്കുന്നതിന് ഹൈദ്രാബാദ് ആസ്ഥാനമായുള്ള ICAR സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി കൃഷി വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.